# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ ; 5521 28.07.2015-ൽ മറുപടിയ്ക്ക്

## തീപ്പലിശ്ശേരി സെന്റർ -പള്ളിക്കുളം - ചിറമനേങ്ങാട് - തങ്കമണി സെന്റർ റോഡ് വീതി കൂട്ടി ടാറിംഗ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | 2013-14-ലെ ആസ്തി വികസന സ്കീമിൽ നിന്നും 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതും എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതലയുള്ള തുമായ തീപ്പലിശ്ശേരി സെന്റർ - പള്ളിക്കുളം - ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് വീതികൂട്ടി ടാറിംഗ് ചെയ്യുന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (എ) | പള്ളിക്കുളം - ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് വീതികൂട്ടി റീടാറിംഗ് ചെയ്യുന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റൽ, കോൺട്രാക്ടർ സൈറ്റിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. റോഡ് വീതികൂട്ടുവാൻ ഇപ്പോൾ നിലവിലുള്ള വൈദ്യുതിക്കാലുകൾ മാറ്റിസ്ഥാപിക്കേണ്ടുന്നതിനാൽ കെ.എസ്.ഇ.ബിയിൽ ടി നടപടികൾക്ക് ആവശ്യമായ തുക ഒടുക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തി ടെണ്ടർ എടുത്തതും എഗ്രിമെന്റ് വച്ചതും എന്നാണ്; | (ബി) | **ടെണ്ടർ എടുത്ത തീയതി**<br>14.12.2014-ലെ ഇ-ടെണ്ടർ 62/14-15<br><br>**എഗ്രിമെന്റ് വച്ച തീയതി**<br>05.03.2015-ലെ എഗ്രിമെന്റ് നം.213(എ) ഇഇ/എൽ.എസ്.ജി.ഡി/ 14-15 |
| (സി) | തകർന്ന് ഗതാഗതയോഗ്യമല്ലാതായ ഈ റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ? | (സി) | എഗ്രിമെന്റ് പ്രകാരം 6 മാസമാണ് പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലാവധി വൈദ്യുതിക്കാലുകൾ മാറ്റുവാൻ കാലതാമസം വരുന്നതിനാൽ 2 മാസം കൂടി കാലാവധി ദീർഘിപ്പിച്ച് നവംബർ 2015-ൽ പ്രവൃത്തി പൂർത്തീകരിക്കാനാവും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ